ഉത്തരം

(എ) ഉണ്ട്.

(ബി) മുതലമട, എലവഞ്ചേരി, എന്നീ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ വന്യജീവി ആക്രമണത്തിൽനിന്നും കൃഷയിടങ്ങൾ സംരക്ഷിക്കുന്നതിനും മറ്റുമായി 4.785 കിലോമീറ്റർ ദൈർഘ്യത്തിൽ കിടങ്ങുകൾ നിർമ്മിച്ചിട്ടുണ്ട്. കൊല്ലങ്കോട് റെയിഞ്ച് പരിധിയിലെ മുതലമട പഞ്ചായത്തിൽ ചെമ്മണാംപതി വനഭാഗത്ത് 3 ലക്ഷം രൂപ ചെവവഴിച്ച് 2.5 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള അടങ്കൽ പാസ്സാക്കി ആയതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കിവരുന്നു. നെല്ലിയാമ്പതി റെയിഞ്ചിന്റെ പരിധിയിലുള്ള നെന്മാറ പഞ്ചായത്തിൽ ഉൾപ്പെടുന്ന പോത്തുണ്ടി ഭാഗങ്ങളിലും അയിലൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന തിരുവഴിയാട് ഭാഗങ്ങളിലും വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായിട്ടുള്ള കയ്യാലയുടെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

198 (2229) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവികളുടെ ആക്രമണം കാരണം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ നാശനഷ്ടം സംഭവിച്ച കൃഷിയിനങ്ങൾക്ക് നൽകിവരുന്ന ആശ്വാസ ധനസഹായം എത്രയെന്ന് കൃഷി വിളകളുടെ ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചത് സംബന്ധിച്ച എത്ര പരാതികൾ 2008 മുതൽ 2011 വരെ ലഭിച്ചെന്നും പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ആശ്വാസ ധനസഹായം ലഭിച്ചെന്നും ഇനംതിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാഷം സംഭവിച്ച കർഷകർക്ക് കാർഷിക വിളകളുടെ മുഴുവൻ തുകയും നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക വിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്നത് മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വനംവകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന നിയമ പ്രകാരമാണ്. ഇപ്രകാരമുള്ള നാശനഷ്ടം കണക്കാക്കുന്നത് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് നമ്പർ. എംഎസ്. 96/2004/കൃഷി തീയതി 6-4-2004 -ലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ്.

കാർഷികവിളകളുടെ ഇനം വേർതിരിച്ച് നഷ്ടപരിഹാരം കണക്കാക്കുന്നതിന് വനം വകുപ്പിൽ നിലവിൽ ഉത്തരുവുകൾ ഇല്ല. എന്നിരുന്നാലും വനം വകുപ്പ് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 9/2009/DMD തീയതി 16-2-2009 പ്രകാരം കാർഷിക വിളകളുടെ ഇനം തിരിച്ച് പ്രതിബാധിച്ചിരിക്കുന്ന നഷ്ടപരിഹാരം കണക്കിലെടുക്കുന്നുണ്ട്.

നിലവിൽ 7-7-2010-ലെ ജി.ഒ.(ആർറ്റി.) നമ്പർ 297/2010/വനം നമ്പർ ഉത്തരവ് അനുസരിച്ച് പുതുക്കിയത് പ്രകാരം കൃഷിനാശം സംഭവിക്കുന്ന അവസരത്തിൽ നഷ്ടത്തിന്റെ 100 % പരമാവധി 50,000 രൂപവരെ ലഭിക്കുന്നതാണ്.

(സി) 1150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ 498 എണ്ണത്തിൽ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അപേക്ഷകളുടെ എണ്ണം	ജീവഹാനി	കന്നുകാലി/ കൃഷിനാശം	പരിക്ക് പറ്റിയത്	അനുവദിച്ച നഷ്ടപരിഹാര തുക
2008-09	90	4	61	25	2,28,350
2009-10	228	4	199	25	7,47,022
2010-11	180	6	119	55	12,20,844

(ഡി) 7-7-2010-ൽ ജി.ഒ.(ആർറ്റി.) നമ്പർ 297/2010/വനം നമ്പർ ഉത്തരവ് അനുസരിച്ച് പുതുക്കി ഉത്തരവായതിൻപ്രകാരം കൃഷിനാശം സംഭവിക്കുന്ന അവസരത്തിൽ നഷ്ടത്തിന്റെ 100 % (പരമാവധി 50000 രൂപ വരെ) ലഭിക്കുന്നതാണ്. ചെറുകിട കർഷകർക്കാണ് പലപ്പോഴും കൃഷിനാശം സംഭവിക്കാറുള്ളത്. ആയതിനുള്ള നാശനഷ്ടം ഭൂരിഭാഗം കേസുകളിലും 50,000 രൂപയ്ക്ക് താഴെയാകാറാണ് പതിവ്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly